നടപ്പിലാക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും, ആദ്യ പരിശീലന പരിപാടിയും 9-7-2010-ൽ ചവറ, കെ.എം.എം.എൽ.-ൽ വച്ച് വ്യവസായ വകുപ്പ് മന്ത്രി നിർവ്വഹിക്കുകയുണ്ടായി. ഈ പരിശീലന പദ്ധതി എല്ലാ സ്ഥാപനങ്ങളിലെയും 15000-ൽപ്പരം ജീവനക്കാർക്കായി സമയബന്ധിതമായി നടത്തുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. അതാത് മേഖലകളിലെ വിദഗ്ദ്ധരുടെ പ്രഭാഷണങ്ങൾ, വിവിധ വിഷയങ്ങളിലുള്ള സെമിനാറുകൾ, കേസ് സ്റ്റഡി, റോൾ പ്ലേ, വ്യവസായ ശാല സന്ദർശനങ്ങൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ജീവനക്കാരുടെ പ്രവൃത്തി പരിചയവും മറ്റു വിവരങ്ങളടങ്ങുന്ന ഇന്റർനെറ്റ് അധിഷ്ഠിത ഡാറ്റാ ബേസും പഠന വെബ്സൈറ്റുകളും ഇതിന്റെ ഭാഗമായി സജ്ജമാക്കുന്നതാണ്.

(ബി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനവശേഷി ശാക്തീകരണത്തിനായി ആവിഷ്ക്കരിച്ച പരിശീലന പദ്ധതി എല്ലാ സ്ഥാപനങ്ങളിലെയും 15000-ൽപ്പരം ജീവനക്കാർക്കായി സമയബന്ധിതമായി നടത്തുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. കൂടാതെ ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ ഫണ്ട് ഉപയോഗിച്ച് പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജീരിയൽ/സൂപ്പർവൈസറി ജീവനക്കാർക്ക് ഒരു കൂട്ടം പരിശീലന പരിപാടി ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ.) വകുപ്പും നടപ്പാക്കുന്നുണ്ട്.

(സി) & (ഡി) മേൽ പദ്ധതിക്കായി ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനായി റിയാബിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

വ്യാവസായിക വികസന പദ്ധതികൾക്കായി രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് നൂറു കോടി രൂപ സമാഹരണം

136 (6298) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാവസായിക വികസന പദ്ധതികൾക്കായി രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് നൂറുകോടി രൂപ സമാഹരിക്കാൻ വ്യവസായ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്ന് എത്ര കോടി രൂപ വീതമാണ് സമാഹരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇത് വായ്പയായി സ്വീകരിക്കുന്നതിനാണോ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിൽ പണം നൽകുന്നതിനോട് രണ്ട് കമ്പനികൾക്കും പൂർണ്ണ യോജിപ്പാണോ ; വിശദാംശങ്ങൾ നൽകുമോ ;

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനും അനുബന്ധ വികസനത്തിനുമാണോ പ്രസ്തുത പണം വിനിയോഗിക്കുക ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എം.എം.എല്ലിൽ നിന്നും 60 കോടി രൂപയും, മലബാർ സിമന്റ്സിൽ നിന്നും 40 കോടി രൂപയുമാണ് സമാഹരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ലോണായോ ഷെയർ ക്യാപ്പിറ്റലായോ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. ലോണുകളുടെ പലിശ 7% ആയിരിക്കുന്നതാണ്.

(ഡി) സർക്കാരിന്റെ നയപരമായ ഈ തീരുമാനം രണ്ട് കമ്പനികളും അംഗീകരിച്ചിട്ടുണ്ട്.

(ഇ) പുതുതായി സ്ഥാപിക്കുന്ന 8 പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടിയും മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽസ്, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ്, കെ.എസ്.ഐ.ഇ-യുടെ യൂണിറ്റായ കേരള സോപ്പ്സ് ലിമിറ്റഡ് എന്നിവയുടെ വിപുലീകരണത്തിനും നടത്തിപ്പിനുമായാണ് പ്രസ്തുത തുക സമാഹരിക്കാൻ ഉദ്ദേശിക്കുന്നത്.

വൻകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് കമ്പനികൾ നൽകിയ അപേക്ഷകൾ

137 (6299) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൻകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് ഏതെല്ലാം കമ്പനികൾ അപേക്ഷ നൽകിയിട്ടുണ്ട് ;

(ബി) ഓരോ കമ്പനിയും എത്ര രൂപയുടെ മുതൽമുടക്കാണ് നടത്തുന്നതെന്നും അതിലൂടെ ഉദ്ദേശിക്കുന്ന തൊഴിൽ സാധ്യതകളും വിശദമാക്കുമോ ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതിനകം ഏകജാലക സംവിധാനം വഴി എത്ര കമ്പനികൾക്ക് അനുമതി നൽകിയെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതികൾക്കു പരിസ്ഥിതി ആഘാത പഠനം നടത്തിക്കൊണ്ടു തന്നെയാണോ അംഗീകാരം നൽകിയിട്ടുള്ളത് ;

(ഇ) ഏതെല്ലാം പുതിയ കമ്പനികൾക്കും പദ്ധതികൾക്കും സർക്കാർ അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നുണ്ട് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) & (ബി) കെ.എസ്.ഐ.ഡി.സി.-യുടെ പരിധിയിൽ 10 കോടിയിൽ കൂടുതൽ നിക്ഷേപം പ്രതീക്ഷിക്കുന്ന 32 വൻകിട വ്യവസായ പദ്ധതികൾക്ക് തുടക്കമിടാനായിട്ടുണ്ട്. ഇവയിൽ 14 പദ്ധതികൾ പൂർത്തിയാക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly